# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **12.11.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 4166**

**ആസ്റ്റൽ വാച്ചസ് കമ്പനി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കാസർഗോഡ് ബീച്ച് റോഡിൽ ആസ്റ്റൽ വാച്ചസ് കമ്പനി പ്രവർത്തിച്ചിരുന്നത് വ്യവസായ വകുപ്പിന്റെ കീഴിലായിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ), (ബി), (സി), (ഡി), (ഇ), (എഫ്) & (ജി) | കാസർകോഡ് ബീച്ച് റോഡിൽ കെ.എസ്.ഐ.ഡി.സി. യുടെ കൈവശമുള്ള 1.99 ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്തിരുന്ന ആസ്റ്റൽ വാച്ചസ് കമ്പനി, വ്യവസായ വകുപ്പിന്റെ കീഴിലുള്ള കെ.എസ്.ഐ.ഡി.സി. യുടെ സബ്സിഡിയറി കമ്പനിയായാണ് പ്രവർത്തിച്ചിരുന്നത്.<br><br>പ്രസ്തുത സ്ഥാപനം 1978 ൽ പ്രവർത്തനമാരംഭിച്ച് 2002 ൽ പ്രവർത്തന രഹിതമായി. സ്ഥാപനം തുടങ്ങിയ സമയത്തും പൂട്ടുന്ന സമയത്തും ഇവിടെയുണ്ടായിരുന്ന തൊഴിലാളികളുടെ എണ്ണം, തസ്തിക, ശമ്പളം എന്നിവയെ സംബന്ധിച്ച് വിവരം ലഭ്യമല്ല. സ്ഥാപനം പൂട്ടിയപ്പോൾ ഒരു വിഭാഗം തൊഴിലാളികൾ വി.ആർ.എസ് പ്രകാരവും മറ്റ് തൊഴിലാളികൾ അർഹമായ എല്ലാ ആനുകൂല്യങ്ങൾ കൈപ്പറ്റിയും പിരിഞ്ഞു പോയിട്ടുള്ളതാണ്. കെ.എസ്.ഐ.ഡി.സി. യുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥലത്ത് ഒരു സെക്യൂരിറ്റി ജീവനക്കാരനെ നിയമിച്ചിട്ടുണ്ട്. ആ സ്ഥലത്ത് ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ഈ സ്ഥാപനം തുടങ്ങിയതും പൂട്ടിയതും ഏത് വർഷത്തിലാണെന്ന് വ്യക്തമാക്കാമോ; | | |
| (സി) | പ്രസ്തുത സ്ഥാപനം തുടങ്ങിയ സമയത്തും പൂട്ടുന്ന സമയത്തും ഇവിടെയുണ്ടായിരുന്ന തൊഴിലാളികളുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ; അവർക്ക് ലഭിച്ചിരുന്ന ശമ്പളം എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | സ്ഥാപനം പൂട്ടിയപ്പോൾ ജീവനക്കാരുടെ മുഴുവൻ ആനുകൂല്യങ്ങളും നൽകിയിരുന്നോ; വിശദാംശം നൽകാമോ; | | |
| (ഇ) | സ്ഥാപനം പ്രവർത്തിച്ചിരുന്നത് എത്ര ഏക്കർ സ്ഥലത്താണെന്നും അന്നും ഇന്നും ഈ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്നും വ്യക്തമാക്കാമോ; | | |
| (എഫ്) | ഈ സ്ഥലം സാമൂഹ്യദ്രോഹികളുടെ താവളമായി മാറാൻ ഏറെ സാധ്യതയുള്ള-തിനാൽ അത് തടയാൻ എന്തെല്ലാം നടപടി-കളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | | |
| (ജി) | ഇവിടെ ഇപ്പോൾ സെക്യൂരിറ്റി ജീവന-ക്കാരുണ്ടോ എന്ന് വ്യക്തമാക്കാമോ; ഈ സ്ഥലത്ത് മറ്റേതെങ്കിലും സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ; വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**